**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 494** **17-03-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയെ തകർക്കാൻ ഒരു കേന്ദ്ര ഏജൻസി രാഷ്ട്രീയ ലക്ഷ്യത്തോടെ ചില കേന്ദ്രങ്ങളുടെ താല്പര്യാർത്ഥം മാധ്യമങ്ങളെ ഉപയോഗിച്ചുകൊണ്ട് നടത്തുന്നതായി പറയപ്പെടുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുമെന്ന ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തിന്റെ വികസന നേട്ടങ്ങളിൽ സുപ്രധാനമായ പങ്കുവഹിച്ച ഒരു ധനകാര്യ സ്ഥാപനമാണ് കിഫ്ബി. കഴിഞ്ഞ 7 വർഷക്കാലയളവിൽ കിഫ്ബി പദ്ധതികളിലൂടെ അടിസ്ഥാന സൗകര്യ മേഖലയിൽ സംസ്ഥാനത്തിനുണ്ടായ മുന്നേറ്റം വളരെ പ്രകടമാണ്. എന്നാൽ മുൻകാലങ്ങളിലെന്ന പോലെ ഈ വികസന പ്രവർത്തനങ്ങൾക്ക് തടസം സൃഷ്ടിക്കുക എന്ന സമീപനമാണ് കേന്ദ്ര സർക്കാർ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്നത്. സി ആന്റ് എ ജി, ആദായ നികുതി വകുപ്പ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എന്നിങ്ങനെ തങ്ങളുടെ കീഴിലുള്ള സ്ഥാപനങ്ങളെയും നിയന്ത്രണ സംവിധാനങ്ങളെയും രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ഉപയോഗിക്കുന്നു. കേന്ദ്ര ധനകാര്യ വകുപ്പും റിസർവ്വ് ബാങ്കും പ്രത്യക്ഷമായും പരോക്ഷമായും പല നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നു. രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിനെ തന്നെ വെല്ലുവിളിക്കുന്നതാണ് ഈ നടപടികൾ. ഭരണഘടനാപരമായി സംസ്ഥാനങ്ങൾക്ക് ലഭിച്ചിട്ടുള്ള അധികാരങ്ങളും അവകാശങ്ങളും കവർന്നെടുത്ത് ഭരണപരവും സാമ്പത്തികവുമായ അനിശ്ചിതാവസ്ഥ സൃഷ്ടിക്കുവാനും അതുവഴി സംസ്ഥാനങ്ങളുടെ മേൽ സമ്മർദ്ദം ചെലുത്തുന്നതിനുമാകണം ഇതിലൂടെ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത് എന്ന് അനുമാനിക്കുന്നു.<br><br>കിഫ്ബിയും മറ്റ് സർക്കാർ ഏജൻസികളും സർക്കാർ ഗ്യാരന്റിയിൽ ലഭ്യമാക്കുന്ന വായ്പകൾ കൂടെ സർക്കാരിന്റെ വായ്പ പരിധിയിൽ ഉൾപ്പെടുത്തിയതും സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതവും |

| | | | |
|---|---|---|---|
| | | | മറ്റ് കേന്ദ്ര വിഹിതവും വെട്ടിക്കുറച്ചതും വയ്കിപ്പിക്കുന്നതും എല്ലാം ഇത്തരത്തിലുള്ള നിക്ഷിപ്ത താല്പര്യങ്ങൾക്കായിട്ടാണ് എന്ന് കരുതാതെ വയ്യ. ഇവയെല്ലാം തന്നെ ഭരണഘടന തത്വങ്ങളോടുള്ള വെല്ലുവിളിയാണ്.<br><br>എന്നാൽ കേന്ദ്ര സർക്കാരിന്റെ ഇത്തരത്തിലുള്ള രാഷ്ട്രീയലക്ഷ്യങ്ങൾക്ക് വിധേയപ്പെടുവാൻ സർക്കാർ ഒരുക്കമല്ല. രാജ്യത്തെ ഭരണഘടനയും നിയമ വ്യവസ്ഥകളും നൽകുന്ന എല്ലാ അധികാരങ്ങളും അവകാശങ്ങളും ഉപയോഗപ്പെടുത്തി ഇതിനെ മറികടക്കാനാകും എന്ന ശുഭാപ്തി വിശ്വാസം സർക്കാരിനുണ്ട്. നിലവിൽ കേന്ദ്രം സ്വീകരിക്കുന്ന നിലപാടുകളിലെ നിയമപ്രശ്നങ്ങളും ഭരണഘടന ലംഘനങ്ങളും ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ ഈ നിയമപ്രശ്നങ്ങളെല്ലാം വിശദമാക്കുന്ന ഒരു മെമ്മോറാണ്ടം മന്ത്രിസഭയുടെ അംഗീകാരത്തോടെ ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയ്ക്ക് അയച്ചിട്ടുണ്ട്. ഈ വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന് സംസ്ഥാനത്തിന് അനുകൂലമായ നിലപാടുകൾ എടുക്കേണ്ടിവരും എന്നുതന്നെയാണ് സർക്കാർ കരുതുന്നത്. |
| (ബി) | മസാല ബോണ്ടിറക്കിയതിൽ വിദേശനാണ്യ വിനിമയ ചട്ടലംഘനം ആരോപിച്ചുകൊണ്ടുള്ള ഇ.ഡി. നിലപാട് വസ്തുതാവിരുദ്ധമെന്ന് റിസർവ് ബാങ്ക് സത്യവാങ്മൂലത്തിൽ വ്യക്തമാക്കുന്നുണ്ടോ; | (ബി) | കിഫ്ബിയുടെ മസാലാ ബോണ്ടിന് റിസർവ് ബാങ്ക് നിരാക്ഷേപ പത്രവും (No Objection Certificate) വായ്പാ രജിസ്ട്രേഷൻ നമ്പറും (LRN) നൽകിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട എല്ലാ റിപ്പോർട്ടിംഗ് നടപടികളും കിഫ്ബി നാളിതുവരെ മുടക്കമില്ലാതെ ചെയ്തിട്ടുമുണ്ട് എന്നുമാണ് റിസർവ് ബാങ്ക് കോടതിയിൽ നൽകിയ മറുപടി. മസാല ബോണ്ട് സംബന്ധിച്ച് തങ്ങൾക്ക് എന്തെങ്കിലും ആക്ഷേപങ്ങളുള്ളതായി റിസർവ്വ് ബാങ്ക് കോടതിയെ അറിയിച്ചിട്ടില്ല. ഫെമ ചട്ടം 37 (1) പ്രകാരം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് ഫെമ നിയമപ്രകാരമുള്ള അന്വേഷണങ്ങൾക്ക് അധികാരമുണ്ട് എന്നും റിസർവ് ബാങ്ക് കോടതിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രൈമറി റഗുലേറ്റർ എന്ന നിലയിൽ ഫെമ ചട്ടം 12 പ്രകാരം വിവരങ്ങൾ പരിശോധിക്കുവാനുള്ള അധികാരം റിസർവ് ബാങ്കിനുണ്ട്. |
| (സി) | മസാല ബോണ്ടിന് റിസർവ് ബാങ്ക് നിരാക്ഷേപ പത്രവും വായ്പാ രജിസ്ട്രേഷൻ നമ്പറും നൽകിയതായും കിഫ്ബി സമാഹരിച്ച തുകയുടെ കണക്കും വിശദാംശങ്ങളും നൽകിയിരുന്നതായും ആർ.ബി.ഐ. വ്യക്തമാക്കിയിട്ടുണ്ടോ; | (സി) | കിഫ്ബിയുടെ മസാലാ ബോണ്ടിന് റിസർവ് ബാങ്ക് നിരാക്ഷേപ പത്രവും (No Objection Certificate) വായ്പാ രജിസ്ട്രേഷൻ നമ്പറും (LRN) നൽകിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട എല്ലാ റിപ്പോർട്ടിംഗ് നടപടികളും |

| | | | |
|---|---|---|---|
| | | | കിഫ്ബി നാളിതുവരെ മുടക്കമില്ലാതെ ചെയ്തിട്ടുമുണ്ട് എന്നുമാണ് റിസർവ് ബാങ്ക് കോടതിയിൽ നൽകിയ മറുപടി. മസാല ബോണ്ട് സംബന്ധിച്ച് തങ്ങൾക്ക് എന്തെങ്കിലും ആക്ഷേപങ്ങളുള്ളതായി റിസർവ്വ് ബാങ്ക് കോടതിയെ അറിയിച്ചിട്ടില്ല. ഫെമ ചട്ടം 37 (1) പ്രകാരം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് ഫെമ നിയമപ്രകാരമുള്ള അന്വേഷണങ്ങൾക്ക് അധികാരമുണ്ട് എന്നും റിസർവ് ബാങ്ക് കോടതിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രൈമറി റഗുലേറ്റർ എന്ന നിലയിൽ ഫെമ ചട്ടം 12 പ്രകാരം വിവരങ്ങൾ പരിശോധിക്കുവാനുള്ള അധികാരം റിസർവ് ബാങ്കിനുണ്ട്. |
| (ഡി) | ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ വികസന താല്പര്യം പരിഗണിച്ച് കിഫ്ബിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രതിബന്ധങ്ങൾ തുടർച്ചയായി നേരിടേണ്ടി വരുന്ന സാഹചര്യത്തിലും അവശ്യമായ എല്ലാ സഹായങ്ങളും നൽകി കിഫ്ബി മുഖേനയുള്ള പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോകുവാനാണ് സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ തുടർന്നുവരുന്ന കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതികളിലെ തടസങ്ങൾ പരിഹരിച്ച് സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി പതിവായി പദ്ധതി നിർവഹണ ഏജൻസികളുടെയും ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും അവലോകനയോഗങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ കിഫ്ബിയുടെ ഉദ്യോഗസ്ഥർ പദ്ധതി നിർവഹണ സ്ഥലങ്ങൾ സന്ദർശിച്ച് ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തി പദ്ധതിയുടെ നടത്തിപ്പിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലും ശ്രദ്ധ ചെലുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ